# മത ലോകത്തെ സ്ത്രീ അയിത്തം

ലോകത്തിലെ എല്ലാ മതങ്ങളെയും കുറിച്ച് സത്യം പറഞ്ഞാൽ ഒരു കുഞ്ഞിനുള്ള അത്രയുമറിവേ എനിക്കുമുള്ളു, എന്റെ അച്ഛനും അമ്മയും എന്നോട് പങ്കു വെയ്ക്കുകെയും എനിക്ക് കാട്ടിത്തരുകിയും ചെയ്തിട്ടുള്ള അറിവുകൾ. അതിനപ്പുറത്തേക്ക് അവയെ കുറിച്ച് അറിയാനും മനസിലാക്കുവാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഇനിയും എന്റെ ഇച്ഛയ്ക്കൊത്തവണ്ണം അവയെ കുറിച്ച് പഠിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. എന്നിരുന്നാലും എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് സ്നേഹത്തെ കുറിച്ചും സമാധാനത്തെ കുറിച്ചും സഹോദര്യത്തെ കുറിച്ചുമാണെന്നുള്ള പൂർണ ബോധ്യം അല്പം അറിവ് മാത്രമുള്ള എനിക്ക് വരെയുണ്ട്. അതുകൊണ്ടു തന്നെ ഞാൻ ജനിച്ചു വീണ ക്രിസ്ത്യൻ വിശ്വാസങ്ങൾക്കൊപ്പം, എന്നെ അമ്പലങ്ങളിൽ കൊണ്ട് പോകുകേയും നെറ്റിയിൽ ചന്ദനം തൊട്ടുതരുകയും ചെയ്തിട്ടുള്ള സുഹൃത്തുക്കളുടെ ഹൈന്ദവ വിശ്വാസങ്ങളും, ബലിപെരുന്നാളിന് മതം നോക്കാതെ വീട്ടിൽ വിളിച്ചിരുത്തി ബിരിയാണിയും നിറചിരിയും തരുന്ന സുഹൃത്തിന്റെ ഉമ്മയുടെ ഇസ്ലാം മതവും, യുദ്ധം ഉപേക്ഷിക്കാൻ അശോക ചക്രവർത്തിയെ പ്രേരിപ്പിച്ച കലിംഗയുദ്ധത്തോടൊപ്പം അതിനു വഴികാട്ടിയ ബുദ്ധമതവും, പിന്നെയെന്നും മുതുകത്തു തല്ലി സലാം പറയുന്ന പഞ്ചാബികാരൻ സുഹൃത്തിന്റെ സിഖ് മതവും ഒക്കെയെനിക്ക് പ്രിയപ്പെട്ടതാണ്.

എന്നിരുന്നാലും, മതം അടുക്കളയിൽ സൂക്ഷിച്ചു മാത്രം പെരുമാറേണ്ട മൂർച്ചയേറിയ കത്തി പോലെ അപകടകാരിയാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. 1984 ഇലെ സിഖ് കലാപവും, 2002 ഇലെ ഗുജറാത്ത് കലാപവുമെല്ലാം നീറുന്ന ഓർമകളാണല്ലോ. ഇയിടെയായി വിശ്വാസികളെയും കമ്മ്യൂണിസ്റ്റുകളെയും ചേരി തിരിച്ചു കേരളത്തെയും ഒരു ചെറിയ കലാപ ഭൂമിയാക്കാനുള്ള ശ്രമത്തിലാണല്ലോ പലരും. അവരറിയാതെ പോയ സത്യം കേരളത്തിൽ ഇവർ രണ്ടുകൂട്ടരും മറു പക്ഷങ്ങളിലല്ല എന്നതാണ്.

26 വയസുള്ള എന്നെക്കാളും ധൈര്യത്തോടെ വീട്ടുകാരുടെ വിശ്വാസങ്ങൾ ചോദ്യം ചെയ്തിരുന്നത് യുക്തിവാദിയായ എന്റെ ഏട്ടനായിരുന്നു.

"ദൈവം പുരുഷനാണെന്ന് ആര് പറഞ്ഞു? ദൈവം ഒരു സ്ത്രീയായിക്കൂടെ?"

"സ്ത്രീകളെ കൊണ്ടെന്താ പള്ളിയിൽ കുർബാന ചെയ്യിപ്പിക്കാത്തതു?"

"തന്ത്രികളിൽ സ്ത്രീകളുണ്ടോ? വെളിച്ചപ്പാടോ?"

"മുസ്ലിം പള്ളികളിൽ സ്ത്രീകളെ കേറ്റുവോ?"

"എനിക്ക് തോന്നുന്നത് എല്ലാ മത ഗ്രന്തങ്ങളും എഴുതിയിരിക്കുന്നത് പുരുഷന്മാരാണെന്നാണ്. എല്ലാ മതങ്ങളെ നയിക്കുന്നതും വ്യാഖ്യാനിക്കുന്നതും പുരുഷന്മാർ തന്നെ. അതുകൊണ്ടാണ് സ്ത്രീകൾക്കിത്രയും നിയന്ത്രണങ്ങൾ."

ഈ ഏട്ടന്റെയും ആന്റിമാരുടെയും വാഗ്വാദങ്ങളിൽ നിന്നാണ് "അപ്പൊ ദൈവം ശരിക്കും ആണല്ലേ" എന്ന സംശയം എന്റെ മനസ്സിൽ ആദ്യമായി ജനിക്കുന്നത് തന്നെ. സ്വർഗത്തിലിരിക്കുന്ന പിതാവിലും, ഭൂമിയിലേക്കിറങ്ങി വന്ന പുത്രനിലും, ഇടിമുഴകത്തിന്റെ ശബ്ദത്തിലും തീനാളങ്ങളുടെയും വെള്ളരിപ്രാവുകളുടെയും രൂപത്തിലും സംസാരിച്ചിരുന്ന പരിശുദ്ധാതമാവിലും അതുവരെ ഒരു സ്ത്രീയുടെ അംശം കണ്ടെത്താൻ എനിക്ക് കഴിഞ്ഞിരുന്നില്ല. പിന്നേ ദൈവം എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിന്റെ ഉത്തരം ഇപ്പോഴും എല്ലാ മത ഗ്രന്തങ്ങൾക്കും അപ്പുറത്താണല്ലോ.

ബൈബിളിൽ മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ വംശാവലിയെ കുറിച്ചെഴുതുമ്പോൾ പുരുഷന്മാരുടെ പേരുകൾ ഒന്നൊഴിയാതെയെല്ലാം ഓർത്തു പറയുകയും എന്നാൽ അവരുടെ ഭാര്യമാരുടെയും അമ്മമാരുടെയും പേരുകൾ സൗകര്യപൂർവം മറക്കുന്നതും കാണാം. ബൈബിളിന്റെ ഉൾത്താളുകളിലൂടെ കടന്നു പോകുമ്പോൾ ഉത്പത്തിയിൽ സ്വർഗ്ഗരാജ്യം നഷ്ടപ്പെടുത്തിയ ഹവ്വയെ കാണാം, അവൾ ആദമിന് നൽകിയ തെറ്റായ ഉപദേശവും, അതിനവർക്കും സന്താനങ്ങൾക്കും കിട്ടിയ ശിക്ഷയും കാണാം. പുരുഷന് കീഴ്പ്പെട്ടും വേദനിച്ചു പ്രസവിക്കാനും വിധിക്കപെട്ട ഹവ്വ, സംശയത്തോടെ കത്തിയെഴിയുന്ന സൊദോം നഗരത്തെ തിരിഞ്ഞു നോക്കിയ കുറ്റത്തിന് ഉപ്പു പ്രതിമയായി മാറിയ 'ലോത്തിന്റെ ഭാര്യ', മനുഷ്യപുത്രന് ജന്മം നൽകിയ പരിശുദ്ധ കന്യക മറിയം, യേശുവിന്റെ കാല്പാദങ്ങളിൽ അഭയം പ്രാപിക്കുന്ന മേരി മഗ്ദലന, കാൽവഴി യാത്രയിൽ യേശുവിനു വേണ്ടി വിലപിക്കുന്ന ഓർശലേം പുത്രിമാർ, ദൈവത്തിനു വേണ്ടി വിജയം കൊയ്യുന്ന വിധവയായ രൂത്ത്  അങ്ങനെയെത്രയെത്ര വ്യത്യസ്തരായ കഥാപാത്രങ്ങൾ. പക്ഷെ പലരുടെയും ചിന്തകളിലൂടെ കടന്നു എന്റെയരികിൽ എത്തിയപ്പോൾ ബൈബിളിലെ സ്ത്രീകളെ കുറിച്ചുള്ള അഭിപ്രായങ്ങളിങ്ങനെ:

"നമ്മളൊരിക്കലും സ്ത്രീകളുടെ ഉപദേശം കേൾക്കരുത്, ആദമിന് പറ്റിയ തെറ്ററിയാമല്ലോ. തലയണ മന്ത്രം, അല്ലാതെന്താ."

"സ്ത്രീകൾക്ക് ആണുങ്ങളോളം ബുദ്ധിയില്ല. അവർ വികാര ജീവികളാണ്. കുശുമ്പ്, കുന്നായ്മ, പൊങ്ങച്ചം എന്നിവയുടെ ആശാത്തിമാർ."

"ആദാമിന്റെ വാരിയെല്ലിൽ നിന്നല്ലേ പെണ്ണുണ്ടായത്, അതുകൊണ്ടു അവളുടെ സ്ഥാനവും അവൻ പറയുന്നത് കേട്ട് അനുസരിച്ചു അവന്റെ ഒപ്പമാ."

ഇത്തരം വ്യാഖ്യാനങ്ങൾ പുരുഷമേധാവിത്തമുള്ള ക്രിസ്ത്യ്യ കുടുംബങ്ങൾ സൃഷ്ടിച്ചു. ക്രിസ്തീയ സഭകളുടെ നേതൃത സ്ഥാനങ്ങളിലേക്ക് എത്തി നോക്കാൻ പോലുമുള്ള പഴുതുകൾ സ്ത്രീകളുടെ മുൻപിൽ എന്നേക്കുമായി അടച്ചു. പോപ്പ്, ബിഷപ്പ്, കുർബാനയർപ്പിക്കുന്ന പുരഹിതരെല്ലാം പുരുഷന്മാരാണല്ലോ. സ്ത്രീകൾക്ക് യേശുവിന്റെ മണവാട്ടിമാരാകാം, പക്ഷെ നയിക്കാനും കുർബാന ചൊല്ലാനുമാകില്ല. എന്റെയരിവിൽ നേതൃത സ്ഥാനങ്ങളിലെ ഈ അയിത്തം എല്ലാ മതങ്ങളിലുമുണ്ട് (ബുദ്ധമതത്തിലെ ചില സ്ത്രീ റിമ്പോച്ചെകൾ ഇതിനൊരു ആക്ഷേപമാണ്). അധികാരത്തെന്നും പുരുഷന്മാരാണെന്നുള്ളത് അക്രമിക്കപെടുന്ന സ്ത്രീകൾക്ക് എന്നുമൊരു ഭീഷണിയാണ്; പുരോഹിതരാൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുഞ്ഞൾക്കും, കന്യാസ്ത്രീകൾക്കും, കുമ്പസരിക്കാൻ വരുന്ന കുടുംബസ്ത്രീകൾക്കും ഒരേ അനുഭവം ആയിരുന്നല്ലോ. പള്ളിയിൽ "അമ്മമാരേ" മാത്രമല്ലലോ, സ്ത്രീ തന്ത്രിമാരെയും, മൗലന്മാരെയും ഈ ദുനിയാവിലൊന്നും കാണാനില്ല. പെണ്ണ് ഭാംഗ് മണി മുഴക്കിയാൽ അത് സ്വർഗ്ഗത്തിലെത്തില്ല എന്ന് വിശ്വസിക്കുന്നവരല്ലേ നമ്മളിപ്പോഴും.

ഇതില്നിന്നൊരുപാട് വ്യത്യസ്ഥമാണ് ഹൈന്ദവ വിശ്വാസങ്ങളിൽ സ്ത്രീകൾ. കാളിയും ശക്തിയുമെല്ലാം ശ്രിഷ്ടിയുടെയും സംഹാരത്തിന്റെയും ദേവികളായതിനാൽ ഒരുപോലെ സ്നേഹിക്കപ്പെടുകേയും ഭയക്കപ്പെടുകേയും ചെയുന്നു. പിന്നേ ഐശ്വര്യത്തിന്റെയും സമ്പത്തിന്റെയും അറിവിന്റെയും അടയാളങ്ങളായി പാർവതിയും ലക്ഷ്മിയും സരസ്വതിയുമെല്ലാം നിറഞ്ഞു നില്കുന്നു. അമൃതാനന്ദമയിയെ പോലുള്ളവർ ആൾദൈവങ്ങളുടെ കൂട്ടത്തിലും മീര ഭായിയെ പോലുള്ളവർ തീവ്ര ഭക്തരുടെ കൂട്ടത്തിലുമുണ്ട്. ഇന്ത്യൻ ഇതിഹാസങ്ങളായ രാമായണത്തിലും മഹാഭാരതത്തിലും പ്രാധാന്യമുള്ള സ്ത്രീ കഥാപാത്രങ്ങൾ നിറഞ്ഞു നില്കുന്നു. എന്നിരുന്നാലും നാല് വർണങ്ങളിലെ പുരുഷന്മാരുടെ അവസ്ഥയെക്കാളും മോശമായിരുന്നു പലപ്പോഴും (ഇപ്പോഴും) സ്ത്രീകളുടെ അവസ്ഥ.

ശൈശവത്തിൽ അച്ഛന്റെയും യൗവനത്തിൽ ഭർത്താവിന്റെയും വാർധക്യത്തിൽ മകന്റെയും ആജ്ഞാനുവർത്തിയായി കഴിയുന്ന സ്ത്രീകൾ

എത്രയോപേര് നമ്മളുടെ ഇടയിൽ തന്നെയുണ്ട്. സതി, ശൈശവ വിവാഹം മുതലായ ദുരാചാരങ്ങൾ നാടുനീങ്ങപെട്ടെങ്കിലും ആർത്തവ കാലത്തെ തൊട്ടു തീണ്ടായ്മകൾ ഇപ്പോഴും നിലനിൽക്കുന്നു.ഇതിന്റെ ഒരു വേദനിപ്പിക്കുന്ന ഓർമപ്പെടുത്തലാണ് ശബരിമല വിധിയും അതിനെ തുടർന്നുണ്ടായ പ്രേശ്നനങ്ങളും.

1991 ഇലെ ഹൈ കോടതി വിധിയെ തുടർന്ന് ശബരിമലയിൽ 10 ഇനും 50 ഇനുമിടയിൽ വയസുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിക്കുകയുണ്ടായി. ഈ വിധിയെ പുനപരിശോദിക്കുകയും എടുത്തു കളയുകയുമാണ് 2018 ഇലെ സുപ്രീം കോടതി വിധി കൊണ്ടുണ്ടായത്. 1950 ഇന് മുൻപ് സ്ത്രീകൾ ശബരിമലയിൽ പ്രവേശിച്ചിരുന്നില്ല എന്നതിന് തെളുവുകളില്ല. മാത്രവുമല്ല, 21 ആം നൂറ്റാണ്ടിൽ ആർത്തവത്തിന്റെയും അശുദ്ധിയുടെയും പേരിൽ സ്ത്രീകളുടെ പ്രവേശനം നിരോധിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ തുല്യത വാദങ്ങൾക്ക് ഒരാക്ഷേപമാണെന്നു സുപ്രീം കോടതി നിരീക്ഷിക്കുകയുണ്ടായി. പക്ഷെ ഈ വിപ്ലവകരവും നവോത്ഥാനകാരവുമായ വിധി കേരളീയർ എങ്ങനെയാണു എതിരേറ്റത്?

സുപ്രീം കോടതി വിധി ഉടനെ തന്നെ നടപ്പിലാക്കാൻ സന്നദ്ധരായി സർക്കാർ മുൻപോട്ടു വന്നപ്പോൾ സാക്ഷരരായ, വിശ്വാസികളായ കേരളീയ സ്ത്രീകൾ തന്നെ തങ്ങളുടെ അവകാശങ്ങൾക്കെതിരെ പോരാടാനായി തെരുവുകളിലേക്കിറങ്ങി വന്നു. വിശ്വാസ സംരക്ഷണത്തിന്റെ പേരിൽ, പാരമ്പര്യത്തിന്റെ പേരിൽ, അയ്യപ്പ ഭക്തിയുടെ പേരിൽ.ശബരിമലയിൽ പ്രവേശിക്കാൻ ശ്രമിക്കുന്ന സ്ത്രീകളെല്ലാം ഫെമിനിച്ചികളായി ( ആ വാക്കിന്റെ യഥാർത്ഥ അർത്ഥത്തിലല്ല, ഒരു തരം താഴ്ത്തലിന്റെ ഭാഗമായി). നിലവിളക്കു കൊണ്ട് ശബരിമലയിൽ കയറുന്ന സ്ത്രീകളെ കുത്തി കൊല്ലുമെന്ന് പറയുന്ന അയ്യപ്പ ഭക്തരെയും തങ്ങൾ അശുദ്ധരാണ് എന്ന് സ്വയം സമ്മതിക്കുന്ന സ്ത്രീകളെയും നമ്മൾ സോഷ്യൽ മീഡിയകളിൽ കണ്ടു. ഇതില്പരം വല്യ തോൽവി ഇന്ത്യൻ ഭരണഘടനയ്ക്ക് ഇനിയുണ്ടാവാനില്ല!

മാളികത്തമ്മയ്ക്കു വേണ്ടി കാത്തിരിക്കുന്ന അയ്യപ്പന്റെ വ്രതശുദ്ധിക്ക് ആർത്തവാദികളായ സ്ത്രീകൾ ഒരു ഭീഷണിയാണത്രെ. അയ്യപ്പന് അത്തരം സ്ത്രീകളിൽ നിന്ന് സംരക്ഷണം വേണം. ദൈവത്തിനു തന്റെ സൃഷ്ടികളിൽ നിന്ന് സംരക്ഷണം വേണം. ദൈവം സൃഷ്ടിക്കാത്ത ഏതെങ്കിലും അവയവം നമ്മളുടെ ശരീരത്തിലുണ്ടോ? സ്ത്രീകളുടെ ആർത്തവ രക്തം അശുദ്ധിയും അത് ചുമക്കുന്ന അവളുടെ ശരീരം ഒരു അഴുക്കു ചാലുമാണെങ്കിൽ, ആ അഴുക്കു ചാലിലൂടെ പിറന്നു വീഴുന്ന ഓരോ കുഞ്ഞും, പുരുഷനും അശുദ്ധനല്ലെ? അവനീ അയിത്തം ഒന്നും ബാധകമല്ലേ?

ആർത്തവ സ്ത്രീകൾ അമ്പലങ്ങളിൽ നേരിടുന്ന ഈ അയിത്തം, ചെറുതായെങ്കിലും എല്ലാ മതങ്ങളിലുമുണ്ട്. ചില സ്വയം വരമ്പുകളിൽ അത് ഒതുങ്ങുന്നു എന്ന് മാത്രം. ഹൈന്ദവ സ്ത്രീകൾ നേരിടുന്ന അയിത്തവും മാറ്റിനിർത്തപ്പെടലുകളും ആർത്തവത്തിന്റെ അശുദ്ധിയിൽ ഒതുങ്ങുന്നില്ല. ജാതി, കുലം, തൊലിയുടെ നിറം എന്നിവ നോക്കി സ്ത്രീകളെ അളക്കുന്നവർ നമ്മുടെ ഇടയിൽ ഇപ്പോഴുമില്ലേ? പണ്ടത്തെ ദൈവദാസികളിൽ തുടങ്ങി ദളിത് യുവതികളെയും ആദിവാസി സ്ത്രീകളെയും വരെ അപമാനിക്കുന്ന ശാരീരികവും ഗാർഹികവും മതപരവുമായ പീഡനങ്ങൾ നമ്മുക്ക് ചുറ്റും എത്രയോ നമ്മൾ കാണുന്നു. കാത്തുവയിലെ അമ്പലത്തിൽ വെച്ച് മുസ്ലിം ബാലികയെ പീഡിപ്പിച്ചതിന്റെ നടുക്കം ഇനിയും നമ്മളെ വിട്ടു മാറിയിട്ടില്ലലോ.

പർദ്ദ, മുത്തലാക്കു, ശരിയത്ത് നിയമങ്ങൾ എന്നിവയിൽ ഒരുപാടു തിരുത്തലുകൾ സ്വയവും വിദ്യാഭ്യാസത്തിലൂടെയും നിയമഭേദഗതികളിലൂടെയും കോടതിവിധികളിലൂടെയും നടത്തി വരുന്ന ഒരു മതമാണ് ഇസ്ലാം. പക്ഷെ സ്ത്രീകൾ ഏറ്റവും കൂടുതൽ ഞെരുക്കങ്ങളിലൂടെ കടന്നുപോകുന്ന ഒരു മതമാണ് എന്ന് പറഞ്ഞാൽ അതിൽ അധികം എതിർപ്പുണ്ടാവില്ല. ഇസ്ലാം രാഷ്ട്രങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ തന്നെ ഇതിനുള്ള കാരണം - മ്യാൻമറിലെ റാഖിനയിൽ റോഹിൻഗ്യൻ മുസ്ലിമുകൾ നേരിടുന്ന അക്രമങ്ങളിൽ നിന്ന് പലായനം ചെയുന്ന സ്ത്രീകളും കുഞ്ഞുങ്ങളും, സിറിയയിൽ ഇസ്ലാമിക തീവ്രവാദികൾ 'സെക്സ് സ്ലൈവുകളായി' ഉപയോഗിക്കുന്ന യഹസ്സീദികൾ, താലിബാന്കാര് വ്യക്തി സ്വാതന്ത്ര്യവും വിദ്യാഭ്യാസവും അനുവദിക്കാത്ത വിദ്യാർത്ഥിനികൾ, ഇവരെല്ലാം നീണ്ട നിരയിലെ ഏതാനം ചുവന്ന വരികൾ മാത്രമായി ഒതുങ്ങുന്നു. മലാലയിലൂടെയും നാദിയ മുറാദിലൂടെയും ചെറുത്ത് നിൽപ്പിന്റെ ഏതാനും ചില മരുപ്പച്ചകൾ കാണുന്നുണ്ടെങ്കിലും, മതം ഇസ്ലാം യുവതികൾക്കു അണിയിച്ചുകൊടുത്തിരിക്കുന്ന മുൾകിരീടങ്ങൾ അനവധിയാണ്.

ചുരുക്കത്തിൽ മാനവരാശിയുടെ നിലനിൽപ്പിനു കാരണമായ ആർത്തവം പെണ്ണിനെ പിന്നെയും ഇരുണ്ടയുഗങ്ങളിലേക്കു തള്ളിയിടുകയാണ്. അശുദ്ധയായ അവളിൽ നിന്ന് ജനിക്കുന്ന മാനവരാശി അവളെ ഒരു രണ്ടാം കിട പൗരയായി കരുതുന്നു. സൗദി അറേബ്യയിൽ പെണ്ണ് വാഹനം ഓടിക്കണ്ട എന്ന അയിത്തം പൊട്ടിച്ചെറിയുമ്പോഴും ബുള്ളറ്റ് ഓടിക്കുന്ന പെണ്ണിനെ നോക്കി മുഖം ചുളിക്കുന്നവരാണ് നമുക്ക് ചുറ്റും. ഇവർ സുനിത വില്യംസണെയും, കല്പന ചൗളയെയും കുറിച്ച് കേട്ടിട്ടുണ്ടാകുമോ? ആറു തവണ ലോക ബോക്സിങ് ചാംപ്യൻഷിപ് നേടിയ മേരി കോമിനെയെങ്കിലും ഓർത്താൽ കൊള്ളാം.

ഭ്രൂണ ഹത്യ ചെയ്യാനുള്ള അധികാരം പെണ്ണിന് തിരിച്ചു നൽകി അയർലണ്ട് ഒരു മാതൃകയാകുമ്പോൾ, എല്ലാ മാസവും അവളുടെ അനുവാദം കൂടാതെ കടന്നു വരുന്ന ആർത്തവം നമ്മുടെ കേരളീയ സമൂഹത്തിൽ അവളെ പിന്നെയും പുരുഷമേധാവികളുടെയും പാരമ്പര്യത്തിന്റെയും മതങ്ങളുടെയും നഖക്ഷതങ്ങളിൽ ഒതുക്കി നിർത്തുകയാണ്. ശിശിരത്തിൽ ഇല കൊഴിക്കുന്ന മരങ്ങളെയും വീണുകിടക്കുന്ന പൂവിനേയും നോക്കി വാചാലനായ മനുഷ്യൻ ഇന്നവളുടെ ഋതുബന്ധങ്ങളെ നോക്കി മുഖം ചുളിയ്ക്കുന്നു.

സ്ത്രീയും പുരുഷനും സഹജീവികളാണ്. പരസ്പരം താഴ്ത്തുകയോ കീഴടക്കുകയോ ചെയ്യണ്ട ആവശ്യമില്ലാത്ത തുല്യരായ മാനവരാശിയിയുടെ രണ്ടു വശങ്ങൾ. അവഴേ വേർതിരിച്ചു നിർത്തുന്നതിൽ, അതുല്യരായി പരിഗണിക്കുന്നതിലും മതങ്ങളുടെയും മതങ്ങൾ സൃഷ്ടിച്ച അയിത്തങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും പങ്ക് ചെറുതല്ല. ചൈനീസ് വിശ്വാസങ്ങളിലെ യിങ് യാങ്ങിനെ പോലെ പരസ്പരം ഇഴുകി ചേർന്ന് ദൈവത്തിന്റെ പരിപൂർണതയിൽ എത്തേണ്ടവരാണ് നമ്മൾ. ദൈവം സ്ത്രീയും പുരുഷനുമാണ് എന്ന ബോധ്യം ലോകത്തിനുണ്ടായിരുന്നേൽ ദൈവത്തിന്റെ ഇരുമുഖങ്ങളെ മാറ്റി നിർത്താൻ മനുഷ്യർ ഇത്രമേൽ പണിപെടുമായിരുന്നോ? മനുഷ്യകുലത്തിന്റെ നിലനിൽപ്പിനു ഈ ഇരുമുഖങ്ങളെയും തോളോട് തോൾ ചേർത്ത് നിൽക്കുന്ന ഒരു സമൂഹം ഉണ്ടാകട്ടെ എന്ന് നമ്മുക്കു പ്രാർത്ഥിക്കാം, സെക്സിസ്റ്റും വർഗീയവാദിയുമല്ലാത്ത മതേതരവാദിയും തുല്യതയുടെ വക്താവുമായ ദൈവത്തിനോട്.